(ബി) മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷിൽ വ്യക്തമായ അക്ഷരത്തിൽ എഴുതണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ശിപാർശ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോക്ടർമാരുടെ സംഘടനയുമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മലപ്പുറം, മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി

100 (6805) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ അനുവദിക്കുന്നതിന് മുൻഗണന നൽകുമോ ;

(സി) മലപ്പുറം ജില്ലയിലെ "മുതുവല്ലൂരിൽ" ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

(ബി) മുൻഗണന നൽകുന്നുണ്ട്.

(സി) മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് സംവിധാനം

101 (6806) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. വി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസിനായി പ്രതിദിനം ശരാശരി എത്ര രോഗികൾ എത്തുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഒരു കിഡ്നി പേഷ്യന്റിന് ഡയാലിസിസിനുമുൻപ് ഏതെല്ലാം പരിശോധനയ്ക്ക് വിധേയനാകണമെന്നും രക്തത്തിലെ വിവിധ ഘടകങ്ങളുടെ സന്തുലിതാവസ്ഥ ക്രമപ്പെടുത്തുന്നതിന് ഏതെല്ലാം മരുന്നുകൾ ഇഞ്ചക്റ്റ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly